# ‘ദൈവപൈതലിന്റെ ജീവിതം’

## ഫിലിപ്പ്യർ 2:15

‘‘അവരുടെ ഇടയിൽ നിങ്ങൾ ജീവന്റെ വചനം പ്രമാണിച്ചുകൊണ്ട് ലോകത്തിൽ ജ്യോതിസ്സുകളെ പോലെ പ്രകാശിക്കുന്നു.’’

ഒരു ദൈവപൈതൽ ലോകത്തിന്റെ മുമ്പിൽ എപ്രകാരം ജീവിക്കണമെന്നു മനസ്സിലാക്കി തരുന്ന ഒരു വേദഭാഗമാണിത്. വക്രതയും കോട്ടവുമുള്ള ഒരു തലമുറയെയാണ് ‘അവർ’ എന്നതുകൊണ്ട് അർഥമാക്കുന്നത്. തീർച്ചയായും ഇന്ന് അങ്ങനെയുള്ള ഒരു ലോകത്തിന്റെ മദ്ധ്യത്തിലാണ് നാം ജീവിക്കുന്നത്. അവിടെ ദൈവമക്കൾ ലോകത്തിന്റെ ഇമ്പങ്ങളോടും വക്രതയോടും ചേർന്നു നിൽക്കാതെ ജ്യോതിസ്സുകളെ പോലെ പ്രകാശം പരത്തണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

അങ്ങനെ പ്രകാശം പരത്തുന്നവർ ആകണമെങ്കിൽ നമ്മിൽ പ്രകാശമുണ്ടാവണം. അതിന്നു നാം ദൈവത്തോട് ചേർന്നു നിൽക്കണം, കാരണം അവനിൽ മാത്രമാണ് ഇരുളിന്റെ അവസ്ഥ ഇല്ലാത്തത്. അവനോട് ചേർന്നു നിൽക്കണമെങ്കിൽ നാം ദൈവസന്നിധിയിൽ ലംഘനം ക്ഷമിച്ചും, പാപം മറെച്ചും കിട്ടിയവർ ആയിരിക്കണം. നമ്മെ വിളിച്ചവൻ വിശുദ്ധനാകയാൽ നാമും വിശുദ്ധ ജീവിതം നയിക്കാൻ പരിശ്രമിക്കുന്നവരാകണം. ഇങ്ങനെ ഇരുളിന്റെ ലോകത്തിൽ ദൈവസ്നേഹത്തിന്റെ പ്രകാശം പരത്തുന്നവരാകുമ്പോൾ മാത്രമാണ് നമ്മുടെ ജീവിതത്തിന്റെ അദ്ധ്വാനവും ഓട്ടവും വെറുതെയായില്ല എന്നു ക്രിസ്തുവിന്റെ നാളിൽ നമുക്ക് പ്രശംസയായി തീരുന്നത്.

അതു കൊണ്ട് നമ്മുടെ ഉള്ളിലുള്ള വെളിച്ചം ഇരുളാക്കാതെ സൂക്ഷിച്ചു കൊണ്ട് മറ്റുള്ളവരെ പ്രകാശത്തിലേക്ക് കൈപിടിച്ച് നടത്തുന്നവരാകാൻ വേണ്ടി പ്രാർത്ഥിക്കാം. അതിന്നു കൃപ ലഭിക്കേണ്ടതിന് നമ്മുടെ പാപങ്ങളെ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് വിശ്വസ്തനും നീതിമാനുമായ ദൈവത്തിന്റെ ശുദ്ധീകരണം പ്രാപിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

1 യോഹന്നാൻ 1:7

“അവൻ വെളിച്ചത്തിൽ ഇരിക്കുന്നതു പോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്ക് തമ്മിൽ കൂട്ടായ്മ ഉണ്ട്.”

സിസ്റ്റർ നിനു ബിനു ബേബി ആലപ്പുഴ 053